പതിനഞ്ചാം കേരളനിയമസഭ
പതിമൂന്നാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
19-03-2025

നിയമനിർമ്മാണം

കേരള റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച്

2025 മാർച്ച് 19-ന് നിയമനിർമ്മാണകാര്യം പരിഗണിക്കുന്നതിന് മുൻപ്, 1998-ൽ കേരള നിയമസഭ പാസ്സാക്കിയ കേരള റാഗിങ് നിരോധന നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്നും നിയമം നിലവിൽവന്ന് 27 വർഷമായിട്ടും ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യം തന്നെ പരാജയപ്പെട്ടിരിക്കുന്നുവെന്നും ഇത് നിയമസഭാ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 238 (2) പ്രകാരമുള്ള വ്യവസ്ഥകൾക്കും മുൻകാല റൂളിംഗുകൾക്കും വിരുദ്ധമാണെന്നും അതിനാൽ 30 ദിവസത്തിനകം റാഗിംഗ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കുന്നതിന് റൂളിംഗ് നൽകണമെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി

നിയമം പ്രാബല്യത്തിൽ വരുന്നതിനനുസൃതമായും സമയബന്ധിതമായും ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണ്. എന്നാൽ, 1998-ലെ കേരള റാഗിംഗ് നിരോധന നിയമം ചട്ടങ്ങളില്ലാതെതന്നെ നടപ്പാക്കാൻ പ്രാപ്തമാണെന്നാണ് കണ്ടിരുന്നതെന്നും റാഗിങ് നിരോധനം, റാഗിങിലെ ശിക്ഷ, ശിക്ഷിക്കപ്പെടുന്ന വിദ്യാർഥികളെ പിരിച്ചുവിടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള ചില കാര്യങ്ങൾ നിയമത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ചട്ടങ്ങൾ രൂപീകരിക്കാൻ അധികാരമുണ്ടെങ്കിലും പ്രസ്തുത നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ

നടപ്പാക്കാൻ പ്രത്യേകമായ ചട്ടം രൂപീകരിക്കണമെന്ന് നിയമത്തിൽ കാണാൻ കഴിയുന്നില്ലെന്നും നിലവിലെ സാഹചര്യം പരിഗണിച്ച് റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കുന്നതിനോ ആവശ്യമെങ്കിൽ നിയമം പുന:പരിശോധിക്കുന്നതിനോ നടപടി സ്വീകരിക്കുന്നതാണെന്നും മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

1998-ൽ സഭ പാസ്സാക്കിയ കേരള റാഗിങ് നിരോധന നിയമപ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ നാളിതുവരെ പുറപ്പെടുവിക്കാത്തത് സംബന്ധിച്ച ഭരണപരമായ കാര്യങ്ങൾ ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിച്ചു. ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ നാനാവശങ്ങൾ ചെയർ വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് ഒരു ക്രിമിനൽ കുറ്റമായി വീക്ഷിക്കണമെന്നും കുറ്റവാളികളെ സാധാരണ കുറ്റവാളികളെപ്പോലെതന്നെ പ്രോസിക്യൂട്ട് ചെയ്യണമെന്നും റാഗിങ് തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലീസിന് പ്രവേശിക്കാമെന്നും ഇതുമായി ബന്ധപ്പെട്ട ഒരു കേസിൽ 1991-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സർക്കാർ വിവിധ എക്സ്ിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നെങ്കിലും അതിന് ഉദ്ദേശിച്ച ഫലമുണ്ടാകാതിരുന്നതിനാലും റാഗിങ്ങിന്റെ പേരിൽ വിദ്യാർത്ഥികളെ ക്രൂരമായി പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലുമാണ് പത്താം കേരള നിയമസഭയിൽ 1998 ഏപ്രിൽ 21ന് കേരള റാഗിങ് നിരോധന നിയമം പാസ്സാക്കിയത്. ഏകദേശം 27 വർഷങ്ങൾക്കുമുമ്പ് കേരള നിയമസഭ ഇൗ നിയമം പാസ്സാക്കുമ്പോൾ രാജ്യത്തുതന്നെ ഇത്തരത്തിലുള്ള ആദ്യ നിയമമായിരുന്നു ഇത്. നിയമം പ്രാബല്യത്തിൽ വന്ന് കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ റാഗിങ് രീതികളിൽ ക്രൂരവും പൈശാചികവുമായ രൂപഭേദങ്ങൾ

+.

സംഭവിച്ചിരിക്കുന്നു. നിലവിലെ നിയമത്തിലെ ദൗർബല്യങ്ങൾ ഇത്തരം പ്രവണതകൾക്ക് ആക്കം കൂട്ടിയിട്ടുണ്ടോയെന്നും അങ്ങനെയെങ്കിൽ അതിന് അടിയന്തര പരിഹാരം കാണേണ്ടതാണെന്നും ചെയർ അഭിപ്രായപ്പെട്ടു. പരാമർശിക്കപ്പെട്ട യു.ജി.സി റെഗുലേഷൻ ഒരു റെഗുലേഷൻ മാത്രമാണ്. നിയമനിർമ്മാണസഭ പാസ്സാക്കിയ നിയമത്തിന്മേൽ അതിന് അതിപ്രഭാവം നൽകേണ്ടതില്ല. റാഗിങ്ങിന്റെ പേരിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് 1998-ലെ നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോയെന്നും നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിലേക്കായി വിശദമായ ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ടോയെന്നും നിലവിലെ സാഹചര്യത്തിൽ സർക്കാർ വിശദമായി പരിശോധിക്കണമെന്ന് ചെയർ റൂൾ ചെയ്തു.